പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2223 14.06.2019-ൽ മറുപടിയ്ക്ക്

## സർക്കാർ ലോട്ടറികൾക്ക് ജി.എസ്.ടി

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ലോട്ടറികൾക്കും സ്വകാര്യ ലോട്ടറികൾക്കും ഒരേപോലെ പതിനെട്ട് ശതമാനം ജി.എസ്.ടി നിരക്ക് മതിയെന്ന ജി. എസ്.ടി. കൗൺസിൽ ഉപസമിതി റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉപസമിതിയുടെ 11.06.2019 ൽ നടന്ന രണ്ടാം സമ്മേളനത്തിൽ ഈ വിഷയം ചർച്ചയ്ക്ക് വരുകയും കേരളം, പശ്ചിമ ബംഗാൾ, പഞ്ചാബ്, കർണ്ണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഏകീകരണത്തെ ശക്തമായി എതിർക്കുകയുമുണ്ടായി. ഈ നീക്കത്തിനെതിരെ സംസ്ഥാന നിയമസഭ ഏകകണ്ഠമായി പ്രമേയം പാസാക്കിയിട്ടുണ്ട്. |
| (ബി) | ഈ റിപ്പോർട്ട് ജി.എസ്.ടി കൗൺസിലിൽ പാസ്സാക്കിയിട്ടുണ്ടോ; അത് സ്വകാര്യ ലോട്ടറികൾക്ക് ഏറെ സഹായകരവും സംസ്ഥാന ലോട്ടറികൾക്ക് പ്രതിബന്ധവും ഉണ്ടാക്കുമെന്നത് വസ്തുതയല്ലേ; | (ബി)<br>&<br>(സി) | State owned ലോട്ടറികൾക്ക് 12% ഉം State authorized ലോട്ടറികൾക്ക് 28% ഉം എന്ന differential rate നിലനിർത്തണമെന്ന സംസ്ഥാന സർക്കാർ നിലപാട് 11.06.2019 ൽ ചേർന്ന GoM യോഗത്തിൽ ശക്തമായി തന്നെ അവതരിപ്പിച്ചിട്ടുണ്ട്. പ്രസ്തുത അഭിപ്രായവും നിയമ വ്യവസ്ഥകൾ ചൂണ്ടിക്കാണിച്ച കൊണ്ടുള്ള നിലപാടും ജി.എസ്.ടി കൗൺസിലിൽ കൊണ്ടു വരാൻ GoM തയ്യാറായിട്ടുണ്ട്. |
| (സി) | എങ്കിൽ ഈ നീക്കത്തിനെതിരെ ശക്തമായ നിലപാട് ജി.എസ്.ടി കൗൺസിലിൽ സ്വീകരിച്ച് സംസ്ഥാന ലോട്ടറിയെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ